(സി) ഒരു കേസിൽ പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയിട്ടുണ്ട്.

(ഡി) 1. വിളപ്പിൽശാല പി. എസ്. ക്രൈം 66/02 (ക്രൈം 419/സി.ആർ/02)

2. മാരാരിക്കുളം പി. എസ്. ക്രൈം 168/02

3. ഇടുക്കി പി. എസ്. ക്രൈം 209/01

4. കോതമംഗലം പി. എസ്. ക്രൈം 98/01

5. പുതുനഗരം പി. എസ്. ക്രൈം 130/02.

പോലീസുകാരുടെ ആത്മഹത്യ

23 [796] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പോലീസുകാർ ആത്മഹത്യ ചെയ്തിട്ടുണ്ട് ;

(ബി) കോട്ടയം വെള്ളരിക്കത്തോട് എസ്. ഐ.-യുടെ മരണം ആത്മഹത്യയാണോ കൊലപാതകമാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 61 പോലീസുകാർ.

(ബി) കോട്ടയം വെള്ളരിക്കത്തോട് പോലീസ് സ്റ്റേഷൻ നിലവിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ സബ്ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. സന്തോഷ്കുമാർ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടതു സംബന്ധിച്ച് വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷൻ ക്രൈം 4/05/യു.എസ്.174 സി.ആർ.പി.സി.ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് വിശദമായ അന്വേഷണത്തിനുവേണ്ടി ടി കേസ് ക്രൈംബ്രാഞ്ചിനു കൈമാറിയിട്ടുള്ളതുമാണ്.

(സി) ഇതു സംബന്ധിച്ച് ടിയാന്റെ സഹോദരനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.

ചോദ്യം നമ്പർ (797)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly